# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 6604 — 09.07.2014-ലെ മറുപടിക്ക്

## നികുതി വരുമാനം വർദ്ധിപ്പിക്കാൻ നടപടി

**ചോദ്യം**

ശ്രീ. എളമരം കരീം
ശ്രീ. കെ. സുരേഷ് കുറുപ്പ്
ശ്രീ. പി.കെ. ഗുരുദാസൻ
ശ്രീ. കെ.കെ. നാരായണൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | വരുമാനം വർദ്ധിപ്പിക്കുന്നതിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഏതെങ്കിലും സമിതിയെ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ; | 28.04.2014 ലെ സർക്കാർ ഉത്തരവ് നമ്പർ 151 പ്രകാരം അധിക വിഭവ സമാഹരണം സംബന്ധിച്ച ശുപാർശകൾ സമർപ്പിക്കുന്നതിനായി ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ ചെയർമാനായും ചീഫ് സെക്രട്ടറി കൺവീനറായും സ്റ്റേറ്റ് ഇന്നവേഷൻ കൗൺസിൽ ചെയർമാൻ, ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ മെമ്പർമാരായും ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. |
| (ബി) | ഈ സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിലെ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ; | ഈ കമ്മിറ്റിയുടെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. ടി കമ്മിറ്റിയുടെ ശുപാർശകൾ ലഭിക്കുന്നമുറയ്ക്ക് അത് സംബന്ധിച്ച തുടർ തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ്. |
| (സി) | ഈ നിർദ്ദേശങ്ങളിൽ സർക്കാർ ഏതെല്ലാം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു എന്നും ഏതെല്ലാം നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നില്ലായെന്നും വിശദമാക്കുമോ ; | |
| (ഡി) | അധിക നികുതി ഏർപ്പെടുത്തിയതിലൂടെ ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും പിരിച്ചെടുത്ത തുകയെ സംബന്ധിച്ച കണക്കുകൾ വെളിപ്പെടുത്താമോ ? | അധിക നികുതി നിർദ്ദേശങ്ങളുടെ ഫലമായി ലഭിച്ച തുക പ്രത്യേകമായി കണക്കാക്കപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ